FRIDAY 09.02.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/02/2024

1. കാർഷികമേഖലയിലെ സംരംഭകർക്ക് ദിശാബോധവും സാങ്കേതികവിദ്യകളെകുറിച്ച് പ്രാഥമികജ്ഞാനവും ബിസിനസ്സ് സങ്കേതങ്ങളെക്കുറിച്ചു അവബോധവും നൽകുന്ന പാഠശാലയാണ് ഫാം ബിസിനസ്സ് സ്കൂൾ. ഫാം ബിസിനസ്സ് സ്കൂളിന്റെ പുതിയ ബാച്ച് 2024 ഫെബ്രുവരി 19 മുതൽ 24 വരെ കർഷകഭവനം, വെള്ളാനിക്കര, തൃശൂരിൽ വച്ച് നടത്തുന്നു. അപേക്ഷാ ഫീസ് 5000 രൂപ.. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ഈ മാസം 09 (9-2-24). അപേക്ഷകന് വേണ്ട കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഹയർസെക്കൻഡറി ആണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സസ്പോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ / കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്ക് mdshmkerala@yahoo.co.in എന്ന ഈ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

3. ജില്ലാ അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവം' 2024 ഫെബ്രുവരി എട്ട് മുതൽ 19 വരെ കണ്ണൂർ പൊലീസ് മൈതാനത്ത്

നടക്കും. ജല സസ്യങ്ങളുപയോഗിച്ചുണ്ടാക്കിയ അക്വേറിയത്തിന്റെ മാതൃകയിലുള്ള ഡിസ്പ്ലേ പുഷ്പോത്സവത്തിന്റെ മുഖ്യ ആകർഷണമാകും. 40 ഓളം ഇനം ശുദ്ധ ജല സസ്യങ്ങൾ ഉപയോഗിച്ചാണ് ഇത് ഒരുക്കുന്നത്

4. ക്ഷീരവികസന വകുപ്പിന്റെ 2023-24 വാർഷിക പദ്ധതിയായ സംസ്ഥാന ക്ഷീരകർഷക സംഗമം - പടവ് 2024 ഫെബ്രുവരി മാസം 18, 17 തീയതികളിലായി ഇടുക്കി ജില്ലയിലെ അണക്കരയിൽ വച്ച് നടത്തുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് സംസ്ഥാനം, മേഖല, ജില്ല അടിസ്ഥാനത്തിൽ ജനറൽ, വനിത, SC, ST വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള 'ക്ഷീരസഹകാരി അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും മികച്ച അപ്കോസ് /നോൺ ആപ്കോസ് ക്ഷീരസംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള "ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്.

5. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെൻ്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള (മൂന്നു മാസം ട്രെയിനിങ്ങും മൂന്നു മാസം അപ്രന്റിസ്ഷിപ്പും) പ്ലാൻ്റ് ടിഷ്യുകൾച്ചർ ടെക്നിഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.2024 തീയതിയിൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/ ബയോളജി/ ബോട്ടണി വിഷയങ്ങളോടെ പ്ലസ് ടു/ വി.എച്ച്.എസ്.ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്. ഈ കോഴ്സിൽ തൊഴിൽ സാധ്യതയുള്ള/ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യ കൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ ഉള്ള പ്രായോഗിക പരിശീലനം നൽകുന്നു. ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4500/- രൂപ (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആണ്. മൂന്ന് മാസത്തെ ട്രെയിനിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രം മൂന്ന് മാസം അപ്രന്റിസ്ഷിപ്പ് നൽകുന്നതും, കോഴ്സും അപ്രെന്റിസ്ഷിപ്പും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രം കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. അപേക്ഷാഫോമും പ്രോസ്പെക്ടസും 15.02.2024 വരെ കാർഷിക കേരളം വെബ്സൈറ്റിൽ നിന്നും രാവിലെ 10.00 മുതൽ വൈകിട്ട് 4.30 വരെ ഓഫീസിലും ലഭികുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 17.02.2024 തിരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി: 20.02.2024. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ തിരുവനന്തപുരം - 695582 എന്ന വിലാസത്തിലോ 0471-2413739 9383470294, 9383470293 എന്നീ ഫോൺ നമ്പരുകളിലോ crubmfctvm@kerala.gov.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13,14 തീയതികളിൽ **"ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശുപരിപാലനത്തിലൂടെ'** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. 10 പശുക്കളെ വളർത്തുന്നവരോ അതിന് സാഹചര്യമുള്ളവരോ 2024 ഫെബ്രുവരി 13 രാവിലെ 10 മണിക്ക് കോട്ടയം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13 മുതൽ 17 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫെബ്രുവരി 12ന് വൈകിട്ട് 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനപ്പടിയും യാത്രബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 -2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒഷ തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്നാൽ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.